(ബി) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഓരോ വർഷവും ഉണ്ടായ കുറവ് എത്ര ശതമാനം വീതമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) നികുതിപിരിവ് കുറയുന്നതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിന് ഉദ്യോഗസ്ഥരും സാമ്പത്തിക വിദഗ്ദ്ധരും അടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) നികുതി കുടിശ്ശികയിനത്തിൽ എത്ര കോടി രൂപ ഇതുവരെ പിരിഞ്ഞുകിട്ടുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

വർഷം	വിൽപ്പനനികുതി വർദ്ധനവിന്റെ പിരിവ് (രൂപകോടിയിൽ)	ശതമാനം	മുൻവർഷത്തെ അപേക്ഷിച്ച് വർധനവിലെ കുറവ്
1996-97	2753.69	21%	2%
1997-98	3106.79	13%	8%
1998-99	3387.93	9%	4%

റബ്ബറിന്റെ വിലയിടിവ്, വിപണിയിലെ പൊതുവായ മാന്ദ്യം, കെട്ടിട നിർമ്മാണ മേഖലയിലെ മാന്ദ്യത, വാഹനങ്ങളുടേയും മറ്റും വില്പനക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ആണ് കുറവ് സംഭവിച്ചത്.

(സി) നികുതിപിരിവ് സംബന്ധിച്ച് പുരോഗതി അവലോകനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

(ഡി) 31.3.99 വരെയുള്ള കണക്കുകൾ അനുസരിച്ച് വില്പന നികുതി കുടിശ്ശിക 1107 കോടി രൂപയാണ് (താൽക്കാലിക കണക്കുകൾ പ്രകാരം)

2 (2559) ഏകീകൃത വില്പനനികുതി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതി നിരക്കുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ വിളിച്ചുകൂട്ടിയ സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏകീകൃത വില്പനനികുതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് വല്ല നിർദ്ദേശങ്ങളും സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏകീകൃത വില്പന നികുതിയും അടിസ്ഥാന നിരക്കുകളും ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) 2.12.95-ൽ ഡൽഹിയിൽ വച്ചുകൂടിയ സംസ്ഥാന ധനമന്ത്രിമാരുടെ സമ്മേളനത്തിൽ ഫ്ളോർ റേറ്റ് സംപ്രദായം നടപ്പിലാക്കാൻ തീരുമാനമായി. ഇതുപ്രകാരം ഒരു സംസ്ഥാനവും ഫ്ളോർ റേറ്റിൽ കുറഞ്ഞ നികുതി ഏർപ്പെടുത്താൻ പാടില്ല. 14.9.98-ൽ ചേർന്ന ധനമന്ത്രിമാരുടേയും മുഖ്യമന്ത്രിമാരുടേയും യോഗത്തിൽ ഫ്ളോർ റേറ്റ് സമ്പ്രദായം നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ചു. സംസ്ഥാനങ്ങൾക്കു മൊത്തം ബാധകമായ ഒരു ഏകീകൃത ഫ്ളോർ റേറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനെക്കുറിച്ചും നികുതിയിളവുകളെ സംബന്ധിച്ചും പദ്ധതി തയ്യാറാക്കുന്നതിനുമായി പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ജ്യോതിബസു കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം സംസ്ഥാനങ്ങളുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളണമെന്നാണ് ധാരണ.

(സി)&(ഡി) ഇല്ല.

(ഇ) ഇല്ല. എന്നാൽ കേരളത്തിൽ നിലവിലുള്ള നിരക്കുകൾ മിക്കവാറും ഫ്ളോർ റേറ്റോ അതിൽ കൂടുതലോ ആണ്.

3 (2560) പ്രവേശന നികുതി

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. സുധാകരൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ഏതെല്ലാം സാധനങ്ങൾക്ക് എൻട്രി ടാക്സ് ചുമത്തിയിട്ടുണ്ട്;

(ബി) ഇവയ്ക്ക് എൻട്രിടാക്സ് ചുമത്തുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സാമ്പത്തികവർഷം ഇതുവരെ കാറുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള എൻട്രി ടാക്സ് ഇനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(ഡി) സംസ്ഥാനത്തിനകത്തുള്ള ടാക്സ് മറ്റ് സംസ്ഥാനങ്ങളിലെ ടാക്സിന് സമമാക്കുന്നപക്ഷം എൻട്രി ടാക്സ് ചുമത്തേണ്ട ആവശ്യമുണ്ടോ?

ഉത്തരം

(എ) എൻട്രി ടാക്സ് ചുമത്തിയിട്ടുള്ള സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. മോട്ടോർ വാഹനങ്ങൾ
2. സിമന്റ്

LIBRARY ARCHIVES Kerala Legislative Assembly